| 5 | K.M. ഫിലിപ്പോസ് കറുപ്പൻപറമ്പിൽ ബൈസൺവാലി | 1/1 | 1.0000 | - | പാട്ടവ്യവസ്ഥയിൽ കൃഷിചെയ്യുന്നതിന് നൽകിയ വസ്തുവിലെ കൃഷി ദേഹണ്ഡങ്ങൾ പൂർണ്ണമായും നശിച്ചു. |
| 6 | P.N. രാമകൃഷ്ണൻ S/o നീലകണ്ഠൻ പാറക്കാലയിൽ ബൈസൺവാലി | 52/3, 90/3 | 0.5100 | 2056 (prior TP) | ടി സ്ഥലത്തെ കൃഷി പൂർണ്ണമായി നശിക്കുകയും ഭൂമി കൃഷിയോഗ്യം അല്ലാതാവുകയും ചെയ്തു. |
| 7 | P.G. ബോസ്സ് S/o ഗോവിന്ദൻ പുത്തൻകുടി Best one Properties and Developers Pvt. Ltd | 1/1 | 1.0440 | 4307, 4518 | ടി സ്ഥലത്തെ കൃഷി ദേഹണ്ഡങ്ങൾ നശിക്കുകയും ഭൂമി കൃഷിയോഗ്യം അല്ലാതാകുകയും ചെയ്തു. മൺകട്ട കെട്ടി നിർമ്മിച്ച പഴയ വീട് തകർന്നു. |
| 8 | ബിന്ദു D/o ബേബി കുന്നേൽ ബൈസൺവാലി | 52/3 | 0.9735 | 1880 | ടി സ്ഥലത്തെ കൃഷി പൂർണ്ണമായി നശിക്കുകയും ഭൂമി കൃഷിയോഗ്യം അല്ലാതാവുകയും ചെയ്തു. |
| 9 | ബാബുലാൽ S/o കൃഷ്ണൻ ചേലക്കൽ വീട് KDH വില്ലേജ് | 131/1, 132 | 1.6000 | 439 | പാട്ടവ്യവസ്ഥയിൽ കൃഷിചെയ്യുന്നതിന് നൽകിയ വസ്തുവിലെ 1.6000 ഹെ. ഭൂമിയിലെ കൃഷി പൂർണ്ണമായും നശിക്കുകയും ഭൂമി കൃഷിയോഗ്യം അല്ലാതാകുകയും ചെയ്തു. |
| 10 | -do- | 131/1, 132 | 1.6000 | 439 | പാട്ടവ്യവസ്ഥയിൽ കൃഷിചെയ്യുന്നതിന് നൽകിയ വസ്തുവിലെ 1.6000 ഹെ. ഭൂമിയിലെ |

മീറ്റർ റോഡ് ഭാഗം പൂർണ്ണമായി നശിച്ചതായി പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. കൂടാതെ ദേശീയപാതയിൽ ബോഡിമെട്ട് –മൂന്നാർ റീച്ചിന്റെ വിപുലീകരണ ജോലികൾ ആരംഭിച്ചതിനു ശേഷം മലയിടിഞ്ഞും പാറ അടർന്നും ചെറുതും വലുതുമായ 15 ഓളം അപകടങ്ങൾ ഉണ്ടായിട്ടുള്ളതായി നിരീക്ഷിക്കുകയും കൂടെ കൂടെ ഉണ്ടാകുന്ന ഇത്തരം അപകടങ്ങളെ ടി പ്രദേശത്തെ പാരിസ്ഥിതിക അസുന്തലനാവസ്ഥയുടെ തെളിവാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുള്ളതുമാണ്. പാറ അടർന്നു ചെരിവുള്ള താഴ്വാരത്തേക്ക് ഉരുൾ പ്രവാഹമായി പതിച്ചത് മൂലമാണ് വിനാശകരമായി മാറിയതെന്നു കാണുന്നു. 17.06.2020 തീയതിയിലെ വൻതോതിലുള്ള ഉരുൾപൊട്ടലിനു കാരണമായി പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് താഴെപ്പറയുന്ന കാരണങ്ങളാണ്.

i. ***ദേശീയപാതയുടെ കട്ടിംഗ് ഭാഗത്തുള്ള ഉയർന്ന മലനിരകളിൽ പാറഖനനം മൂലം രൂപപ്പെട്ട അപകടകരമായ വലിയ പാറയുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യാതെ റോഡ് വിപുലീകരണം (വീതികൂട്ടിയുള്ള) ആരംഭിച്ചത് അപകടത്തിന് ഇടയാക്കി.***

ii. ***പാറപൊട്ടിക്കുന്നതിന് കനത്ത സ്ഫോടനങ്ങൾ നടത്തിയത് പ്രദേശത്ത് അട്ടുക്കുകളായി സ്ഥിതിചെയ്യുന്ന പാറഭാഗങ്ങളുടെ ബന്ധം വേർപെട്ട് അപകടകരമായി നിലകൊണ്ട വൻപാറകൾ താഴേക്ക് പതിക്കുന്നതിന് ഇടയാക്കി.***

നിർമ്മാണജോലികൾ പുനരാരംഭിക്കുന്നതിനും അടർന്നുവീണ പാറഭാഗങ്ങൾ സുരക്ഷിതമായി നീക്കം ചെയ്യുന്നതിനുമുള്ള പരിഹാരനിർദ്ദേശങ്ങളും ശുപാർശകളും പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതായി കാണുന്നു. നിലവിലെ സാഹചര്യത്തിൽ ടി റിപ്പോർട്ടിലെ പരിഹാര നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് പ്രദേശത്തെ ജനങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്നതിന് കാരണമാകുന്നതും പ്രായോഗികമായ ബുദ്ധിമുട്ടുകൾക്കും തുടർദുരന്തങ്ങൾക്കും വരെ കാരണമായേക്കുമോ എന്നത് സംശയം ജനിപ്പിക്കുന്നതുമാണ്.

പ്രദേശത്ത് മേൽവിവരിച്ചത് പ്രകാരം വൻതോതിലുള്ള അപകടങ്ങളും അത്യാഹിതങ്ങളും സംഭവിക്കുന്നതിനു മുമ്പ് 28.07.2019 തീയതി ലഘുവായ തോതിൽ മലയിടിച്ചിൽ ഉണ്ടാവുകയും പുലർച്ചെ ഉണ്ടായ അപകടത്തിൽ സമീപത്ത് ഉണ്ടായിരുന്ന ഒരു താത്കാലിക പെട്ടിക്കടക്ക് നാശം സംഭവിക്കുകയും ഒരു വളർത്തു മൃഗത്തിനു പരിക്കു പറ്റുകയും ചെയ്തിരുന്നതാണ്. ഈ കാര്യാലയത്തിൽ നിന്നും നടത്തിയ പരിശോധനയിൽ ദേശീയപാതയുടെ കട്ടിംഗ് ഭാഗത്ത് അനിയന്ത്രിതമായി പാറപൊട്ടിക്കുകയും മണ്ണ് ഖനനം ചെയ്യുകയും ചെയ്തതിനെ തുടർന്ന് അപകടകരമായ വിധത്തിൽ ഉയർന്ന തിട്ടകൾ രൂപപ്പെട്ടിട്ടുള്ളതും പാരിസ്ഥിതിക ആഘാതം ഉളവാക്കുന്ന വിധത്തിലുള്ള ഒരേസമയമുള്ള പല സ്ഫോടനങ്ങൾ നടത്തി പാറ ഖനനം നടത്തിയതും അപകടത്തിന് ഇടയാക്കിയതായി അന്ന് കണ്ടെത്തിയിരുന്നു. അശാസ്ത്രീയമായതും ഭൂപ്രകൃതിക്ക് യോജിക്കാത്തതുമായ നിർമ്മാണം മൂലം വശത്ത് സ്ഥിതിചെയ്യുന്ന മലനിരകളെയും റോഡിനെയും ദുർബലമാക്കിയിട്ടുള്ളതായും വൻദുരന്തങ്ങൾക്കും റോഡ് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉൾപ്പെടെ അപകടം സംഭവിക്കുവാൻ സാദ്ധ്യതയുള്ളതായും ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് സാങ്കേതിക വൈദഗ്ദ്യമുള്ള ഒരു ഏജൻസി മുഖാന്തിരം പഠനം നടത്തിയതിനുശേഷം മാത്രമേ റോഡ് നിർമ്മാണ ജോലികൾ പുനരാരംഭിക്കുന്നത് ഉചിതമാണെന്ന് ബോധിപ്പിച്ച് അങ്ങയുടെ കാര്യാലയത്തിലേക്ക് 01.08.2019 തീയതി സൂചന 4) പ്രകാരം അങ്ങേക്ക് വിശദമായ

/2020

| | | | | | |
|---|---|---|---|---|---|
| 6 | K.B. കണ്ണൻ S/o ബാലസ്വാമി ചൊക്രമുടി വൈസൺവാലി | 31/1, 3 | 1.0238 | 2230 | ഉദ്ദേശം 1.0238 ഹെ. വസ്തുവിന് പൂർണ്ണമായി നാശനഷ്ടം സംഭവിച്ചു. |
| 7 | B. കൃഷ്ണമൂർത്തി S/o ബാലസ്വാമി ചൊക്രമുടി ബൈസൺവാലി | 31/2 etc | 0.8094 | 3357 | ഉദ്ദേശം 0.8084 ഹെ. വസ്തുവിന് പൂർണ്ണമായി നാശനഷ്ടം സംഭവിച്ചു. |
| 8 | മേരി W/o ഫ്രാൻസിസ് നടാംകുഴിയിൽ സൊസൈറ്റിമേട് | 1/1 | 0.5504 | - | ടി വസ്തുവിലുള്ള താമസമില്ലാത്ത ഷെഡ്ഡിന് പൂർണ്ണമായി നാശനഷ്ടം സംഭവിച്ചു.വസ്തുവിന് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടില്ല. |
| 9 | A.ആസിഫ് ഖാൻ S/o A.അബ്ദുൾ കരീം മേക്ക് രാജവീഥി ബോഡി | 25/1, 97/1, etc | 2.0000 | 3365 | ഉദ്ദേശം 2.0000 ഹെ. വസ്തുവിന് പൂർണ്ണമായി നാശനഷ്ടം സംഭവിച്ചു. |
| | **ആകെ ബാധിക്കപ്പെട്ട വിസ്തീർണ്ണം** | | 6.8567 | | |

ടി രണ്ട് പ്രധാന ഉരുൾപൊട്ടലുകളിലായി ഉദ്ദേശം 50 ഹെക്ടർ കൃഷിഭൂമിയാണ് നശിച്ചത്. കൂടാതെ ബൈസൺവാലി വില്ലേജിൽ മുട്ടുകാട് 18 ഏക്കർ ഭാഗത്ത് മൈലംപറമ്പിൽ വീട്ടിൽ സാലി ജേക്കബ് എന്നയാൾ താമസിച്ചു വന്നിരുന്ന സർവ്വേ 27/1 ലുൾപ്പെട്ട 10 സെന്റ് പട്ടയമില്ലാത്ത വസ്തുവിലേക്ക് മണ്ണും കല്ലും ഒഴുകിയെത്തിയതു മൂലം ടിയാളുടെ വീട് വാസയോഗ്യമല്ലാതായതായി വില്ലേജാഫീസർ അറിയിച്ചിട്ടുള്ളതാണ്.തുടർച്ചയായി ഉണ്ടായിട്ടുള്ള മണ്ണിടിച്ചിലിനെ തുടർന്ന് ഗ്യാപ്പ് റോഡ് -കിളവിപ്പാറ റോഡ് ചേലക്കൽ എസ്റ്റേറ്റ്–ആദിവാസിക്കുടിയിലേക്കുള്ള പഞ്ചായത്ത്റോഡ് എന്നിവ തകർന്നു പോയിട്ടുള്ളതായും തന്മൂലം പ്രദേശത്ത് ഒരു പിക്ക്-അപ്പ് വാനും Thar ജീപ്പും കുടുങ്ങിക്കിടക്കുന്നതായും സൂചന 2) പ്രകാരം ചിന്നക്കനാൽ വില്ലേജാഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള പാറഖനനത്തിന്റെ പരിണിതഫലമായി കൂറ്റൻ പാറഭാഗങ്ങളും കല്ലുകളും ദേശീയപാതയിലും സമീപഭാഗങ്ങളിലുമായി പതിച്ചിട്ടുള്ളതും തെക്കുഭാഗത്തുള്ള ജനവാസമേഖലകളെയും കൃഷിസ്ഥലങ്ങളെയും ദോഷകരമായി ബാധിക്കുന്ന വിധത്തിൽ ഭീഷണി ഉയർത്തി നിലകൊള്ളുന്നത് പ്രദേശത്തെ ജനങ്ങളിൽ ഭീതി ഉയർത്തിയിട്ടുള്ളതും സ്ഥലപരിശോധനയിൽ അത്യന്തം അപകടകരമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. 17.06.2020 തീയതി നടന്ന അപകടത്തെ തുടർന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദഗ്ദർ ഈ പ്രദേശത്തുണ്ടായ പാറവീഴ്ചയെ *(rock slide)* സംബന്ധിച്ച് പഠനം നടത്തി ദേശീയപാത അതോറിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. 17.06.2020 തീയതി പാറഅടർന്നു വീണ് ഉദ്ദേശം 200

/2020റിപ്പോർട്ട് സമർപ്പിച്ചിരുന്നതാണ്. പിന്നീട് 10.08.2019 നുണ്ടായ അപകടത്തിൽ നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചതിനെ തുടർന്ന് നിർമ്മാണജോലികൾ നിറുത്തിവെക്കുകയും നിർമ്മാണ ജോലികൾ പുനഃരാരംഭിക്കുന്നതിനു മുമ്പായി കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മുഖാന്തിരം അക്കാലത്ത് വിശദമായ പഠനം നടത്തിയിരുന്നതുമാണ്. ടി പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ലാത്തതാണ്. അന്നത്തെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വീണ്ടും ആരംഭിച്ച നിർമ്മാണജോലികൾക്ക് ഇടയിൽ പലപ്പോഴായി അപകടങ്ങൾ സംഭവിക്കുകയും ഇന്നു കാണുന്നവിധം രൂക്ഷമായതും തുടർച്ചയായുണ്ടാകുന്നതുമായ മണ്ണിടിച്ചിൽ ദുരന്തങ്ങൾക്ക് അത് വഴിവെക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ പ്രദേശത്തെ റോഡ് നിർമ്മാണജോലികൾ നിലവിലെ സാഹചര്യത്തിൽ പുനരാരംഭിക്കുന്നതിന് സാധ്യമല്ലാത്തതാണെന്നു കാണുന്നു. അടർന്നുവീണ പാറഭാഗങ്ങൾ സുരക്ഷിതമായി പൊട്ടിച്ച് നീക്കുന്നതുൾപ്പെടെയുള്ള ദൌത്യം ശ്രമകരവും ദുഷ്കരവുമായി മാറിയിട്ടുള്ളതുമാണ്. മേൽസാഹചര്യത്തിൽ താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും അങ്ങയുടെ പരിഗണനക്കായി സമർപ്പിക്കുന്നു.

a) സമുദ്രനിരപ്പിൽ നിന്നും 5000 അടിയോളം ഉയരത്തിലുള്ള മലനിരകളിലൂടെ കടന്നുപോകുന്ന റോഡാണിത്. ഉയർന്ന ‘*elevation*’ ഉള്ള ഇത്തരം മേഖലയിൽ നിർമ്മാണം നടത്തുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് കൃത്യമായ ആസൂത്രണം ഉണ്ടായിരുന്നോയെന്നും ഇത്തരം പ്രദേശത്ത് സുസ്ഥിരമായ നിർമ്മാണം നടത്തുന്നതിന് പ്രാപ്തിയുള്ള ഏജൻസിയെയാണൊ ചുമതല ഏൽപ്പിച്ചതെന്നും ബോദ്ധ്യപ്പെടേണ്ടതും ടി ഏജൻസിക്ക് ഈ മേഖലയിലുള്ള പ്രവൃത്തിപരിചയം പരിശോധിക്കപ്പെടേണ്ടതുമാണ് .എക്കോ സേഫ് മാതൃകയിൽ പണികഴിപ്പിച്ച പഴയറോഡിൽ ഇപ്രകാരമുള്ള മണ്ണിടിച്ചിലോ മലയിടിച്ചിലോ പോലുള്ള അപകടങ്ങൾ ഉണ്ടായിട്ടില്ലാത്തതുമാണ്. റോഡിന്റെ വിപുലീകരണ (വീതികൂട്ടുന്ന) ജോലികൾക്കായി അനിയന്ത്രിതമായ അളവിൽ പാറഖനനം ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നോയെന്ന് അന്വേഷിക്കേണ്ടതാണ്. കൂടാതെ സോയിൽ സ്റ്റെബിലിറ്റി പോലുള്ള ഘടകങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നതും “*Environmental Impact Assessment*” നടത്തിയിട്ടുണ്ടോയെന്നതും ഉറപ്പുവരുത്തേണ്ടതുമാണെന്നു കാണുന്നു. പാറ കീറി നീക്കംചെയ്യുന്നത് ഉൾപ്പെടെ സുരക്ഷിതമായ മാർഗ്ഗങ്ങൾ അവലംബിക്കാമെന്നിരിക്കെ തുടർച്ചയായ സ്ഫോടനങ്ങൾ നടത്തിയും അനിയന്ത്രിതമായ അളവിൽ പാറ ഖനനം ചെയ്തും ഇപ്രകാരം അശാസ്ത്രീയമായ റോഡ് നിർമ്മാണം നടത്തിയതു മൂലം ഗവൺമെന്റിന് വീണ്ടെടുക്കാനാവാത്ത നഷ്ടവും പ്രദേശത്തെ പരിസ്ഥിതിക്ക് പരിഹരിക്കാനാവാത്ത നാശവുമാണ് സംഭവിച്ചിട്ടുള്ളത്.

b) കൊച്ചി- ധനുഷ്കോടി ദേശീയപാത 85 ന്റെ ഭാഗമായ ബോഡിമെട്ട് –മൂന്നാർ റീച്ചിന്റെ നവീകരണ ജോലികളുടെ ഭാഗമായി റോഡിന്റെ മുൻ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിനുള്ളിൽ നിന്നാണൊ പാറഖനനം നടത്തിയിട്ടുള്ളതെന്ന് പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതാണ്. മുൻ നിശ്ചയിച്ചിരുന്ന

അലൈൻമെന്റിൽ നിന്നും വ്യതിചലിച്ച് സർക്കാർപാറപുറമ്പോക്കിൽ നിന്നും അനിയന്ത്രിതമായും അശാസ്ത്രീയമായും പാറഖനനം നടത്തിയിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്നതിനാൽ, പ്രസ്തുത ജോലി ഏറ്റെടുത്തു നടത്തി വന്നിരുന്ന കരാറുകാരൻ അനിയന്ത്രിതവും അനുവദനീയവുമല്ലാത്ത വിധത്തിൽ പാറഖനനം നടത്തിയിട്ടുണ്ടോയെന്നും മറ്റ് നിർമ്മാണ ജോലികൾക്കായി ആയത് വിനിയോഗിച്ചിട്ടുണ്ടോയെന്നും അനധികൃതമായി കടത്തിക്കൊണ്ടു പോയിട്ടുണ്ടോയെന്നും അന്വേഷണം നടത്തി ബോദ്ധ്യപ്പെടേണ്ടതും സർക്കാർ താത്പര്യത്തിനു വിരുദ്ധമായി അനധികൃതമായും അവിഹിതമായും പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ സർക്കാരിന് നഷ്ടം വരുത്തിയതിനും കരാർ ലംഘിച്ചതിനും ടിയാൾക്കെതിരായി നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നു കാണുന്നു.

c) ദേശീയപാത നിർമ്മാണ ജോലികൾ പുനരാരംഭിക്കുന്നതിന് കോഴിക്കോട് NITമുഖാന്തിരം ലഭ്യമാക്കിയ മുൻ പഠന റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും പരിശോധിക്കപ്പെടേണ്ടതാണ്. കൂടാതെ അപ്രകാരം ലഭ്യമാക്കിയ സാങ്കേതികമായ വൈദഗ്ധ്യം പ്രായോഗികതലത്തിൽ നടപ്പിലാക്കി ആയത് പ്രയോജനത്തിൽ വരുത്തുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ടി ജോലികളുടെ മേൽനോട്ടം വഹിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഹൈവേ അതോറിറ്റിയുടെ ജീവനക്കാർ ഉത്തരവാദിത്തം ശരിയായി നിർവ്വഹിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണെന്നു കാണുന്നു. കൃത്യനിർവ്വഹണത്തിൽ കുറ്റകരമായ വീഴ്ചയും അലംഭാവവും ബോദ്ധ്യപ്പെടുന്ന പക്ഷം ഉത്തരവാദികൾക്കെതിരായി കർശനമായ ശിക്ഷണ നടപടി സ്വീകരിക്കാവുന്നതാണ്.

d) കോഴിക്കോട് NIT യുടെ വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനഃരാരംഭിച്ച ടി ദേശീയപാതയുടെ നിർമ്മാണത്തിനിടെ പിന്നീട് തുടർച്ചയായുള്ള അപകടങ്ങൾ ഉണ്ടാകാനിടയായിട്ടുള്ളതാണ്. പഠന റിപ്പോർട്ടിലെ പരിഹാര നിർദ്ദേശങ്ങൾ പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും കൂടാതെ റിപ്പോർട്ടിൽ നിശ്ചയിച്ചിരുന്ന പരിഹാര മാർഗ്ഗങ്ങൾ ഫലപ്രദമായിരുന്നോ എന്നും വ്യക്തമായിട്ടില്ലാത്തതാണ്. അശാസ്ത്രീയമായ ഖനനം മൂലം ഗുരുതരമായ പാരിസ്ഥിതിക അസന്തുലിതാവസ്ഥയും തുടർച്ചയായ അപകടങ്ങൾ മൂലം ദുർബലവുമായി മാറിയ ടി ഭൂപ്രദേശത്ത് അടിസ്ഥാന സൌകര്യ വികസനത്തിന്റെ ഭാഗമായുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് വൈദഗ്ധ്യമുള്ള ഒരു ഏജൻസി മുഖാന്തിരമുള്ള പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടത് അനിവാര്യമാണെന്നു കാണുന്നു. അടുക്കുകളായി സ്ഥിതിചെയ്യുന്നതും അപകടകരമായി നിലകൊള്ളുന്നതുമായ പാറഭാഗങ്ങളുടെയും മലനിരകളുടെയും സാന്നിദ്ധ്യവും

/2020

നിലവിലെ അവസ്ഥയിൽ മണ്ണിടിച്ചിൽ പോലെ അതീവ ഗുരുതരമായ പ്രകൃതി ദുരന്തങ്ങളുടെ സാധ്യതയും പരിഗണിച്ച് ദുഷ്കരമായ സാഹചര്യങ്ങളിൽ വൈദഗ്ധ്യവും പരിചയസമ്പത്തുമുള്ള കേന്ദ്ര ഏജൻസികൾ മുഖാന്തിരം പഠനം നടത്തിയതിനുശേഷം പ്രദേശവാസികളുടെ ആശങ്ക ദുരീകരിക്കാവുന്നതും തുടർ നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതുമാണെന്നു കാണുന്നു.

e) 17.06.2020, 06.08.2020 തീയതികളിൽ ഉണ്ടായിട്ടുള്ള ഉരുൾപൊട്ടലുകളിൽ കൃഷിയും ദേഹണ്ഡങ്ങളും നഷ്ടപ്പെട്ടവർ, ഭൂമി കൃഷിയോഗ്യമല്ലാതായി മാറിയവർ, മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവർ എന്നിവരുടെ അപേക്ഷകളിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നിലവിലുള്ള സർക്കാർ മാർഗ്ഗരേഖകൾ അപര്യാപ്തമായതിനാലും ടി കർഷകരുടെ ഉപജീവനോപാധി ഉൾപ്പെടെ നിലച്ചുപോയിട്ടുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ തലത്തിൽ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നത് അഭികാമ്യമാണെന്നു കാണുന്നു. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാകുന്ന വിധത്തിലും ഗവൺമെന്റിന് നഷ്ടമുണ്ടാക്കുന്നവിധത്തിലും ഉത്തരവാദിത്തരഹിതമായി കരാർജോലി നിർവ്വഹിച്ച കരാറുകാരനിൽനിന്നും പിഴ ഈടാക്കിയും ദുരിതബാധിതർക്ക് പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കിയും അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണെന്നു കാണുന്നു.

പശ്ചിമഘട്ടത്തിന്റെ ഭാഗമായും ചൊക്രമുടി മലനിരകൾക്ക് സമീപമായും സ്ഥിതിചെയ്യുന്ന ടി ഗ്യാപ്പ് റോഡ് ഭാഗത്ത് പരിസ്ഥിതിക്ക് അനുയോജ്യമായതും പ്രകൃതിയോട് ഇണങ്ങുന്നതും പ്രദേശവാസികളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതുമായ നിർമ്മാണമാണ് അനുയോജ്യമായിട്ടുള്ളതെന്നു കാണുന്നു. അല്ലാതെയുള്ള നിർമ്മാണങ്ങൾ പരിസ്ഥിതിയുടെ സന്തുലനാവസ്ഥയെ അസ്ഥിരപ്പെടുത്തുകയും ദൂരവ്യാപകമായ പരിണിതഫലങ്ങൾക്കും വൻ തോതിലുള്ള പ്രകൃതി ദുരന്തങ്ങൾക്കും ഇടയാക്കുന്നതുമാണ്. മേൽ സാഹചര്യത്തിൽ ടി പ്രദേശത്ത് അടിസ്ഥാന സൌകര്യവികസനം സാധ്യമാക്കുന്നതിനും നിലവിലെ അപകട ഭീഷണി ഒഴിവാക്കുന്നതിനും സജീവമായ ഇടപെടൽ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണെന്നു കാണുന്നവിവരം മേൽനടപടികൾക്കായി റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സബ് കളക്ടർ
23/9/20

നം.RDODVM/1094/2019-B5 റവന്യൂ ഡിവിഷണൽ ഓഫീസ്
ദേവികുളം**01/08/2019**

പ്രേഷകൻ

സബ് കളക്ടർ
ദേവികുളം

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ 'കെ' വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ മലയിടിഞ്ഞ് ഗതാഗത തടസ്സം ഉണ്ടായത്- റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന - 1. അങ്ങയുടെ 28/07/2019 ലെ ഫോൺ സന്ദേശം
2.ഉടുമ്പൻചോല തഹസിൽദാരുടെ 29.07.2019 ലെ ബി2-10739/19 നമ്പർ റിപ്പോർട്ട്
3..മൂവാറ്റുപുഴ എൻ.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29.07.2019 ലെ ഇ.മെയിൽ സന്ദേശം

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു. ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ ഗ്യാപ്പ് ഭാഗത്ത് കൊച്ചി -ധനുഷ്കോടി ദേശീയപാത -85 കടന്നുവരുന്ന ഭാഗത്ത് 28.07.2019 ന് പുലർച്ചെ 4 മണിയോടുകൂടി മലയിടിച്ചിലുണ്ടാവുകയും മണ്ണും പാറയും ഉൾപ്പെടെ ഇടിഞ്ഞ് ടി ദേശീയപാതയിലേക്കും ഗ്യാപ്പ് - കിളവിപ്പാറ പഞ്ചായത്ത് റോഡിലേക്കും പതിച്ച് ടി ദേശീയപാതയിലെയും പഞ്ചായത്ത് റോഡിലെയും ഗതാഗതം സ്തംഭിച്ചിട്ടുള്ളതുമാണ്. അപകടത്തിൽ ടി ദേശീയപാതക്കു സമീപം സ്ഥാപിച്ചിരുന്ന താത്കാലിക പെട്ടിക്കട മണ്ണിനടിയിൽപ്പെട്ടു പോകുകയും സമീപത്ത് മേഞ്ഞു നടന്നിരുന്ന ഒരു പോത്തിന് പരിക്കേൽക്കുകയും ചെയ്തിട്ടുള്ളതാണ്. മറ്റാളപായമോ നാശനഷ്ടങ്ങളോ സംഭവിച്ചിട്ടില്ലാത്തതാണ്. ടി മലയിടിച്ചിൽ ഉണ്ടായ സ്ഥലത്തിന് ഉദ്ദേശം 200 മീറ്റർ താഴ്ഭാഗത്ത് താമസിച്ചുവരുന്ന കുടുംബങ്ങളോട് ജാഗരൂകരായിരിക്കുവാൻ ചിന്നക്കനാൽ വില്ലേജാഫീസർ മുഖേന ജാഗ്രത നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങളായ മൂന്നാറിനെയും തേക്കടിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാതയിൽ ദിവസേന ടൂറിസ്റ്റ് ഉൾപ്പെടെയുള്ള വാഹനങ്ങൾ കടന്നു പോകുന്നതാണ്. ടി മലയിടിച്ചിൽ സംഭവിച്ചത് പുലർകാലത്തായതിനാൽ മറ്റ് അപകടങ്ങളോ ആളപായമോ സംഭവിക്കാതെ വൻദുരന്തത്തിൽനിന്നും രക്ഷപ്പെട്ടിട്ടുള്ളതാ യി സ്ഥലത്ത് പരിശോധിച്ചതിൽ ബോദ്ധ്യം വന്നിട്ടുള്ളതാണ്. ദേശീയപാതയിൽ വാഹനത്തിരക്ക് ഉള്ള പകൽ സമയത്താണ് ടി അപകടം സംഭവിച്ചിരുന്നതെങ്കിൽ ആയത് വൻദുരന്തത്തിന് കാരണമായേനെ.

എൻ.എച്ച്. നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള കമ്പനി അശാസ്ത്രീയമായ രീതിയിൽ പാറ ഖനനം നടത്തിയതും പാറപൊട്ടിക്കുന്നതിന് അപകടമുളവാക്കുന്ന നിലക്കുള്ള സ്ഫോടനങ്ങൾ നടത്തിയതും മൂലമാണ് ഇപ്രകാരം വൻതോതിലുള്ള മലയിടിച്ചിലിനു കാരണമായിട്ടുള്ളതെന്ന് സൂചന 1) പ്രകാരം ഉടുമ്പൻചോല തഹസിൽദാർ അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നു. താഴെപ്പറയുന്ന കാരണങ്ങൾ മൂലമാണ് ടി

അപകടം സംഭവിച്ചിട്ടുള്ളതെന്ന് തഹസിൽദാരുടെ അന്വേഷണത്തിൽനിന്നും വ്യക്തമാകുന്നതാണ്.

1. ടി റോഡിന്റെ ഒരു വശത്ത് അനിയന്ത്രിതമായി പാറപൊട്ടിച്ചതു മൂലവും വൻതോതിൽ മണ്ണ് നീക്കം ചെയ്തതു മൂലവും കുത്തനെ ചരിവുള്ള വലിയ തിട്ടകൾ രൂപപ്പെട്ടു.
2. അനുവദനീയമല്ലാത്ത വിധത്തിലും അനിയന്ത്രിതമായ അളവിലും പാറ ഖനനം ചെയ്തിരിക്കുന്നു.
3. പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കപ്പെടുന്ന വിധത്തിൽ ഒരേസമയം പല സ്ഫോടനങ്ങൾ നടത്തി ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത വിധത്തിൽ ഖനന പ്രവർത്തനം നടത്തിയിരിക്കുന്നു

മലയിടിച്ചിലിൽ താഴേക്ക് പതിച്ചിട്ടുള്ള മണ്ണും പാറയും നീക്കംചെയ്ത് ദേശീയപാത 85 ലെ ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് 20- ദിവസത്തെ എങ്കിലും പരിശ്രമം ആവശ്യമാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് നേരിൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. സ്ഥലത്ത് മണ്ണുമാന്തി യന്ത്രങ്ങൾ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ മണ്ണും പാറയും നീക്കി വരുന്നതായും വലിയതോതിൽ മണ്ണും പാറയും നീക്കം ചെയ്യേണ്ടതിനാൽ രണ്ടാഴ്ചക്കാലത്തെ സമയം ആവശ്യമായി വരുമെന്ന് മൂവാറ്റുപുഴ എൻ.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സൂചന 2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ പാറഖനനം സംബന്ധിച്ച് 11/01/18, 28/04/18, 13/11/18 എന്നീ തീയ്യതികളിൽ സബ്കളക്ടർ ഇടുക്കി ജില്ലാകളക്ടർക്ക് കത്ത് നല്കിയിരുന്നു.

മൂന്നാർ മുതൽ തമിഴ് നാട് അതിർത്തിയായ ബോഡിമെട്ട് വരെ മലനിരകൾക്കിടയിലൂടെയാണ് ഈ റോഡ് സ്ഥിതി ചെയ്യുന്നത്. ബ്രിട്ടീഷ് കാലഘട്ടം മുതൽ ഉപയോഗിച്ച് വരുന്ന ഈ റോഡിന് ഇരട്ടിയിലധികം വീതി കൂട്ടുന്ന നിർമ്മാണ പ്രവർത്തികളാണ് നിലവിൽ നടക്കുന്നത്. വീതി കൂട്ടുന്നതിനായി വശങ്ങളിലുള്ള മലകൾ അരിഞ്ഞു താഴ്ത്തിയാണ് സ്ഥലം കണ്ടെത്തുന്നത്. ചില സ്ഥലങ്ങളിൽ (പ്രത്യേകിച്ച് ഗ്യപ് റോഡ് ഭാഗത്ത്) ചില മലകളുടെ പകുതിയോ അതിലധികമോ ഇങ്ങനെ അരിഞ്ഞു മാറ്റേണ്ടി വരുമ്പോൾ വലിയ ഉയരത്തിൽ യാതൊരു സപ്പോർട്ടും ഇല്ലാതെ ബാക്കി മണ്ണും, പാറയും ഉയർന്നു നില്ക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഈ ഭാഗത്തെ മണ്ണ് പശയില്ലാതെ ബലം കുറഞ്ഞതായതുകൊണ്ടും, ഇരുവശത്തും വലിയ ഉയരത്തിൽ പാതി അരിഞ്ഞു മാറ്റിയ നിലയിൽ കുന്നുകൾ രൂപപ്പെടുത്തുന്നതു കൊണ്ടും ആയതു stabilize ചെയ്യുവാൻ retaining wall അല്ലെങ്കിൽ ശാസ്ത്രീയമായ മറ്റു പരിഹാരമോ കണ്ടെത്തി സുരക്ഷിതമാക്കേണ്ടതു അനിവാര്യമാണെന്ന് കാണുന്നു, മാത്രവുമല്ല നിലവിൽ മണ്ണിടിഞ്ഞ ഭാഗത്തെ റോഡിനു തന്നെയും ക്ഷതം സംഭവിച്ചിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കാണുന്നതിനാൽ ഇത്രയധികം റീതിയിൽ റോഡു നിർമ്മിക്കുന്നതിനു മുൻപ് ആയതിന്റെ ബലം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുണ്ട്. റോഡു പണിയും പാറപൊട്ടിക്കലുമായി ബന്ധപ്പെട്ട് അപകടകരമായ രീതിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ കൂടാതെയാണ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതെന്നും കാണുന്നു.

അശാസ്ത്രീയമായതും ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്തതുമായ റോഡ് നിർമ്മാണം മൂലം ടി പ്രദേശത്ത് ദേശീയപാതക്കു സമീപം വശങ്ങളിൽ പല സ്ഥലങ്ങളിലും കുത്തനെയുള്ള വലിയ തിട്ടകൾ രൂപപ്പെട്ടിട്ടുള്ളതായും, തന്മൂലം താരതമ്യേന ദുർബ്ബലമായ ടി മലനിരകൾ കാലവർഷം ശക്തിപ്രാപിച്ചുവരുന്ന സാഹചര്യത്തിൽ വീണ്ടും ഇടിയാനിടയുള്ളതായി കാണുന്നു. സ്ഫോടനങ്ങൾ നടത്തി അനിയന്ത്രിതമായ അളവിലുള്ള പാറ നീക്കം ചെയ്തും, അശാസ്ത്രീയവും സുരക്ഷിതമല്ലാത്ത വിധത്തിലും മണ്ണ് നീക്കം ചെയ്ത് അപകടകരമായി നിലക്ക് വൻ കട്ടിംഗുകൾ രൂപപ്പെടുത്തിയും, സുരക്ഷാ

മാനദണ്ഡങ്ങൾ പാലിക്കാതെയും സംരക്ഷണ ഭിത്തി നിർമ്മിക്കാതെയും നടത്തിവരുന്ന ടി റോഡ് നിർമ്മാണ ജോലികളിൽ അടിയന്തിരമായി ഇടപെടേണ്ടതുണ്ട്. പാറഖനനം ചെയ്യുമ്പോൾ ലഭിക്കുന്ന പാറ മറ്റ് നിർമ്മാണാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു വേണ്ടി അനിയന്ത്രിതവും അനുവദനീയമല്ലാത്ത രീതിയിലും വൻതോതിൽ പാറഖനനം നടത്തിയിട്ടുണ്ടോയെന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു ഏജൻസി മുഖാന്തിരം പഠനം നടത്തിയതിനുശേഷം ടി പ്രദേശത്തെ ഭൂപ്രകൃതിക്ക് അനുയോജ്യമായുള്ള രീതിയിലും , അപകട രഹിതമായും, പ്രകൃതിയോട് ഇണങ്ങുന്ന രീതിയിലും റോഡിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് ഉചിതമാണെന്നു കാണുന്ന വിവരം അങ്ങയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സബ് കളക്ടർ

ഉള്ളടക്കം- സൂചന 1), 2) എന്നീ റിപ്പോർട്ടുകളുടെ പകർപ്പുകൾ

പകർപ്പ്: ജില്ലാകളക്ടർ ഇടുക്കി, ( അറിവിലേക്കും നിർദ്ദേശങ്ങൾക്കുമായി )

232607/2021/FC RDODVM RDODVM/68/2018/86

ANNEXURE - VI

27

**വളരെ അടിയന്തരം**

റവന്യൂ ഡിവിഷണൽ ആഫീസ്
ദേവികുളം 05/07/2021

സബ്കളക്ടർ
ദേവികുളം

തഹസീൽദാർ ഭൂരേഖ
ഉടുമ്പൻചോല

സർ,

വിഷയം: കണ്ടന്നൂർ ബോഡിമെട്ട് ദേശീയപാത നിർമ്മാണം- റവന്യൂ പുറമ്പോക്കിൽ നിന്നും അനധികൃതമായി പാറഖനനം ചെയ്തത്. കെ.എൽ.സി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

സൂചന: 1. ദേവികുളം തഹസീൽദാരുടെ 23/06/2021 ലെ സി-3957/2021 -ാം നമ്പർ റിപ്പോർട്ട്

2. ജില്ലാ ജിയോളജിസ്റ്റിന്റെ 02/07/2021 ലെ DOI/993/M/2020 -ാം നമ്പർ റിപ്പോർട്ട്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കണ്ടന്നൂർ ബോഡിമെട്ട് ദേശീയപാത നിർമ്മാണത്തിന്റെ മറവിൽ ഗ്യാപ്പ് റോഡ് ഭാഗത്ത് റവന്യൂ പുറമ്പോക്കിൽ നിന്നും അനധികൃതമായി പാറഖനനം ചെയ്തിട്ടുള്ളതായും ആയത് ടി സ്ഥലത്തു നിന്നും നീക്കം ചെയ്തിട്ടുള്ളതായും സൂചന-1 പ്രകാരം റിപ്പോർട്ട് നല്കിയിരുന്നതും, പ്രസ്തുത സ്ഥലത്ത് നിന്നും അനധികൃതമായി 251289.33 ക്യൂബിക്ക് മീറ്റർ പാറഖനനം ചെയ്തിട്ടുള്ളതായി സൂചന-2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

ദേശീയപാത നിർമ്മാണത്തിന്റെ മറവിൽ അനധികൃതമായി പാറഖനനം ചെയ്ത് സർക്കാരിന് നഷ്ടം വരുത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടി അനധികൃത പാറഖനനം നടത്തിയതിന് ബന്ധപ്പെട്ട വ്യക്തികൾക്കെതിരെ കേരളാ ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സബ്കളക്ടർ 5/7

പകർപ്പ്: ജില്ലാകളക്ടർ ഇടുക്കി ( അറിവിലേക്കായി.)

28

ANNEXURE - VII

ജില്ലാ ഓഫീസ്, ഇടുക്കി
മിനി സിവിൽ സ്റ്റേഷൻ, തൊടുപുഴ-685 584
Phone: 04862 225480
e-mail : geo.idu.dmg@kerala.gov.in
തീയതി :2/7/2021.

ജിയോളജിസ്റ്റ്,
ഇടുക്കി.

റവന്യൂ ഡിവിഷണൽ ഓഫീസർ
ദേവികുളം .

സർ,

വിഷയം: - ഖനിയും ഖനിജങ്ങളും -ദേശീയ പാത 85-ഗ്യാപ്പ് റോഡ് പാറഖനനം അനധികൃതമായി ഖനനം നടത്തിയ പാറയുടെ അളവ് -അനുമതി നൽകുന്നത്-സംബ:

സൂചന:-1.2015ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ് സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) റൂൾസ്.
2.ഈ ഓഫീസിലെ ഡിഐെ/993/എം/2020 തീയതി 8/6/2020 നമ്പർ കത്ത്.
3. 25/6/2021ലെ ആ ആഫീസിലെ RDODVM /915/2021-B2 നമ്പർ കത്ത്.

മേൽ സൂചനകൾ ശ്രദ്ധിച്ചാലും. സൂചന (3) കത്തിലെ ഉള്ളടക്കം പ്രകാരം ഗ്യാപ് റോഡിൽ റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് പാറ ഖനനത്തിന് അനുമതി നൽകിയ സ്ഥലത്ത് അനുവദിച്ചതിൽ കൂടുതൽ ഖനനം നടത്തിയതായി ഉടുമ്പൻചോല, ദേവികുളം താലൂക്ക് തഹസിൽദാർമാർ തയ്യാറാക്കിയ റിപ്പോർട്ടുകളിൽ നിന്ന് വ്യക്തമാണ്. ആയത് പ്രകാരം രണ്ട് തഹസിൽദാർമാരുടെ റിപ്പോർട്ടുകളും പരിശോധിച്ചതിൽ നിന്നും മൊത്തം 251289.33M$^3$ (628223.3MT) പാറ ഖനനം ചെയ്ത് നീക്കിയിട്ടുള്ളതായി കാണുന്നു.

ഈ സ്ഥലത്തെ ഖനനം സംബന്ധിച്ച് തുടർ നടപടികളെകുറിച്ച് ബഹു.ഇടുക്കി ജില്ലാ കളക്ടർക്ക് സൂചന (2) പ്രകാരം കത്ത് നൽകിയിട്ടുള്ളതുമാണ്. 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(3) പ്രകാരം റോഡ് കനാൽ തുടങ്ങിയ പബ്ലിക് വർക്കുകൾക്ക് ധാതു ഖനനം ചെയ്യേണ്ടതുണ്ടെങ്കിൽ ആയതിന് ഖനന പെർമിറ്റ് ആവശ്യമില്ലാത്തതാണ്. ഈ സ്ഥലത്തു നിന്ന് റോഡുപണിയ്ക്കുവേണ്ടി അനുവദിച്ച ഭാഗത്തു നിന്ന് ( 7½ മീറ്ററിനുള്ളിൽ വരുന്ന ) ഖനനം ചെയ്ത കരിങ്കല്ല് സംബന്ധിച്ച് കണക്കുകൾ ഈ ഓഫീസിൽ ലഭ്യമല്ലാത്തതും ആയത് ബന്ധപ്പെട്ട വകുപ്പ് നൽകേണ്ടതുമാണ്. നിലവിൽ സൂചന (3) പ്രകാരം അനുവദിച്ച സ്ഥലത്തിന്റെ പുറത്തു നിന്നുള്ള ഖനനം അനധികൃത ഖനന പ്രവർത്തിയായതിനാൽ 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെചട്ടം 108(2) പ്രകാരം ഖനനം ചെയ്തെടുത്ത ധാതുവിന്റെ റോയൽറ്റിയും വിലയിനത്തിൽ റോയൽറ്റിയുടെ രണ്ടിരട്ടിയും ഈടാക്കേണ്ടതാണ്. ആയതിനാൽ അനധികൃതമായി ഖനനം ചെയ്തു നീക്കിയ 251289.33M$^3$ (628223.3MT) റോയൽറ്റി ഇനത്തിൽ 1,50,77,359.2/-രൂപയും വിലയിനത്തിൽ 3,01,54,718.4/-രൂപയും ചേർത്ത് ആകെ 4,52,32,078/-രൂപ ഈടാക്കേണ്ടതുണ്ട് മാത്രമല്ല ഇതിൽ അനുവദിച്ച സ്ഥലത്തുള്ള ഖനനത്തിൽ റോയൽറ്റി അടയ്ക്കാതെ പുറത്തേയ്ക്ക് കൊണ്ടുപോയിട്ടുണ്ടെങ്കിൽ ആയതിലേയ്ക്ക് ചട്ടം 108(2) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ് . മേൽ പറഞ്ഞ സ്ഥലങ്ങൾ ഗവ.തരിശിൽപ്പെട്ടതാണെങ്കിൽ റവന്യൂ വകുപ്പ് സീനിയറേജ് കൂടി ഈടാക്കേണ്ടതുണ്ട്. മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,

2/7/21

ജിയോളജിസ്റ്റ്.

ഉള്ളടക്കം:- സൂചന (2) കത്തിന്റെ പകർപ്പ്.

ANNEXURE-

29

രജിസ്റ്റേഡ് വിത്ത് എ/ഡി

കേരളാ സർക്കാർ

മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ജില്ലാആഫീസ്, ഇടുക്കി

മിനി സിവിൽ സ്റ്റേഷൻ, തൊടുപുഴ.പിൻ-685584

Phone: 04862 225480, e-mail : geo.idu.dmg@kerala.gov.in

നമ്പർ: ഡിഐഐ/993/എം/2020 തീയതി :26/8/2021.

## ഡിമാന്റ് നോട്ടീസ്

വിഷയം: - ഖനിയും ഖനിജങ്ങളും -മൂന്നാർ ബോഡിമെട്ട് ദേശീയ പാത വികസനം- റോഡ് ഇരട്ടിപ്പിക്കൽ - അനധികൃത കരിങ്കല്ല് ഖനനം നടപടികൾ-സംബ:

സൂചന:-1. 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.

2.1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട്

3. 11/1/12018ലെ ദേവികുളം സബ്കളക്ടറുടെ RDODVM /68/2018-B6നമ്പർ കത്ത്.

4. 25/6/2021ലെ ദേവികുളം സബ്കളക്ടറുടെ RDODVM /915/2021-B2 നമ്പർ റിപ്പോർട്ട്.

5. 8/7/2021ൽ ഈ ഓഫീസ് നടത്തിയ സ്ഥലപരിശോധന.

6. 12/7/21ലെ ഇതേ നമ്പർ നോട്ടീസ്.

7. 22/7/2021ലെ താങ്കളുടെ മറുപടി.

8. 2/8/2021ൽ നൽകിയ 2-ാമത്തെ കാരണം കാണിക്കൽ നോട്ടീസ്.

മേൽ സൂചനകൾ ശ്രദ്ധിച്ചാലും. ഇടുക്കി ജില്ലയിൽ NH-85ലെ ബോഡിമെട്ട് - മൂന്നാർ ദേശീയപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി ദേശീയ പാതയ്ക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന് പുറത്ത് നിന്നും പ്രസ്തുത നിർമ്മാണ പ്രവർത്തി ഏറ്റെടുത്തിരിക്കുന്ന M/s.ഗ്രീൻവർത്ത് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 251289.33M$^3$ (628223.33MT) കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കിയതായി സൂചന (4) കത്തിന്റെ അടിസ്ഥാനത്തിൽ അറിയിച്ചതിനെ തുടർന്ന് സൂചന (5) പ്രകാരമുള്ള സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന (6) പ്രകാരം അയച്ച കാരണം കാണിക്കൽ നോട്ടീസിന് താങ്കൾ സമർപ്പിച്ച മറുപടി തൃപ്തികരമല്ല. കൂടാതെ കണക്കുകൾ സംബന്ധിച്ച് ഓഫീസ് രേഖകൾ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് സൂചന (8) പ്രകാരം താങ്കൾക്ക് നൽകിയ രണ്ടാം നോട്ടീസിന് ഓഫീസ് രേഖകൾ വിവരാവകാശ നിയമ പ്രകാരം മാത്രമേ നൽകാനാകൂ എന്നും ആയതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും അനധികൃതമായി ഖനനം ചെയ്ത 628223.33MT കരിങ്കല്ലിന് റോയൽറ്റി, വില എന്നിവ ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ് എന്നറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ നോട്ടീസിന് താങ്കൾ യാതൊരുവിധ മറുപടിയും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ താങ്കൾക്ക് ഇതു സംബന്ധിച്ച് യാതൊന്നും അറിയിക്കാനില്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ താങ്കൾക്കെതിരെ സൂചന (1), (2) ആക്ടും ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. സൂചന (1) ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം 251289.33M$^3$ (628223.33MT) കരിങ്കല്ല് അനധികൃതമായി ഖനനം നടത്തിയതിന് ടൺ ഒന്നിന് 24/-രൂപ നിരക്കിൽ 1,50,77,360/- രൂപയും റോയൽറ്റിയും ടൺ ഒന്നിന് 48/-രൂപ നിരക്കിൽ 3,01,54,720/-രൂപ വിലയും കൂടി ആകെ 4,52,32,080/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

30

മേൽ സാഹചര്യത്തിൽ ഈ ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം ഈ ഓഫീസിൽ ഹാജരായി 4,52,32,080/-രൂപ (നാല് കോടി അൻപത്തിരണ്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എൺപത് രൂപ മാത്രം) അടയ്ക്കുന്നതിന് നിർദ്ദേശിക്കുന്നു. താങ്കൾ ചെയ്ത കുറ്റം രാജിയാക്കുവാൻ താല്പര്യപ്പെടുന്ന പക്ഷം ഈ ഓഫീസ് നിർദ്ദേശിക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് കൂടി ഒടുക്കി കുറ്റം രാജിയാക്കാവുന്നതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം താങ്കൾക്കെതിരെ സൂചന (1) ചട്ടങ്ങൾ പ്രകാരം ഇനി ഒരു അറിയിപ്പില്ലാതെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

26/8/14

ജിയോളജിസ്റ്റ്.

സ്വീകർത്താവ്:-

M/s.ഗ്രീൻവർത്ത് ഇൻഫ്രാസ്ട്രക്ച്ചേഴ്സ്
പ്രൈവറ്റ് ലിമിറ്റഡ്,
ബിൽഡിംഗ് നം.33/102 ഇ (പഴയത്) പുതിയ നം.42/3075,
സൗമ്യനഗർ, ആലിൻചുവട്, ഇടപ്പിള്ളി, കൊച്ചി-23 .

26/8/14 തീയതി
അയച്ചിട്ടുണ്ട്

ANNEXURE: VIII

31

Sir,

Ref : Letter No : B2-215/21 Dated 06/09/2021, Sub Collector Devikulam

The reply to letter as per ref cited (1) can only be delivered only after obtaining appropriate legal opinion/clarifications from the Government Pleader Govt of Kerala as these matters are sub judice in the Hon'ble Highcourt of Kerala as per the WP(C) No. 26472 of 2020

**Assistant Executive Engineer,**
**PWD NH Sub division,**
**Devikulam.**

ANNEXURE-IX

(32)

ജില്ലാ കളക്ടറുടെ കാര്യാലയം, ഇടുക്കി
പൈനാവ് പി.ഒ, കുയിലിമല - 685603
ഫോൺ : 04862-232242, 04862-232303
ഇ-മെയിൽ : dcidk.ker@nic.in, ഫാക്സ് : 04862-233101

**തീയതി : 10/07/2021**

ജില്ലാ കളക്ടർ,
ഇടുക്കി

1 എക്സിക്യൂട്ടീവ് എഞ്ചിനീയർ(ദേശീയ പാത),
മൂവാറ്റുപുഴ.
2 ജില്ലാ ജിയോളജിസ്റ്റ്. ഇടുക്കി.

സർ,

വിഷയം:- ഖനിയും ഖനിജങ്ങളും - ഗ്യാപ്പ് റോഡ് - അനധികൃതമായി ഖനനം ചെയ്ത പാറയുടെ
വിലയും റോയൽറ്റിയും ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 11-06-2021 ൽ ഈ കാര്യാലയത്തിൽ വച്ച നടന്ന മീറ്റിംഗിലെ നിർദ്ദേശം.
2. ദേവികുളം സബ് കളക്ടറുടെ 02-07-2021 ലെ ആർഡിഒഡിവിഎം/915/2021-B2 നം. കത്ത്

സൂചന 1 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഉടുമ്പഞ്ചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ ഗ്യാപ്പ് റോഡിൽ ദേശീയപാത വീതി കൂട്ടുന്നതിന്റെ ഭാഗമായി, അനുവദിച്ചതിൽ കൂടുതൽ പാറപൊട്ടിച്ചുനീക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിന് സൂചന മീറ്റിംഗിൽ ചുമതലപ്പെടുത്തിയിരുന്നത് പ്രകാരം, ദേവികുളം, ഉടുമ്പഞ്ചോല ഭൂരേഖ തഹസിൽദാർമാർ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ, അനുവദിച്ച സ്ഥലത്തിന് പുറത്ത് നിന്നും അനധികൃതമായി പൊട്ടിച്ചുമാറ്റിയ പാറയുടെ അളവ് ജില്ലാ ജിയോളജിസ്റ്റ് കണക്കാക്കിയിട്ടുള്ളതായി സൂചന 2 പ്രകാരം ദേവികുളം സബ്കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108(3) പ്രകാരം റോഡ്, കനാൽ തുടങ്ങിയ പബ്ലിക് വർക്കുകൾക്ക് ധാതു ഖനനം ചെയ്യേണ്ടതുണ്ടെങ്കിൽ ആയതിന് ഖനനാനുമതി ആവശ്യമില്ലാത്തതാണ്. ഗ്യാപ്പ് റോഡ് ഭാഗത്ത് റോഡ് പണിക്ക് വേണ്ടി അനുവദിച്ചതായ ഏഴര മീറ്ററിന് പുറത്ത് ചെയ്തിട്ടുള്ള ഖനനം അനധികൃതമായതിനാൽ ടി ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം അനധികൃതമായി ഖനനം ചെയ്തെടുത്ത ധാതുവിന്റെ റോയൽറ്റിയും വിലയിനത്തിൽ റോയൽറ്റിയുടെ രണ്ടിരട്ടിയും ഈടാക്കേണ്ടതുണ്ട്. ടി സ്ഥലത്ത് നിന്നും അനധികൃതമായി 251289.33 മീറ്റർ ക്യൂബ് (628223.3MT) പാറ ഖനനം ചെയ്ത് നീക്കിയിട്ടുള്ളതായും ആയതിന് റോയൽറ്റി ഇനത്തിൽ 1,50,77,359.20 രൂപയും പാറവില ഇനത്തിൽ റോയൽറ്റിയുടെ ഇരട്ടി തുകയായ 3,01,54,718.40 രൂപയും ഉൾപ്പെടെ 4,52,32,078/- രൂപ (നാല് കോടി അമ്പത്തിരണ്ട് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുപത്തെട്ട് രൂപ മാത്രം)

33

ഈടാക്കേണ്ടതുണ്ട് എന്ന് സൂചന 2 പ്രകാരം സബ് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിനാൽ അനുമതി നല്കിയിട്ടില്ലാത്ത സ്ഥലത്ത് നിന്ന് അനധികൃതമായി ഖനനം ചെയ്ത് നീക്കിയിട്ടുള്ള ധാതുവിന് നിശ്ചയിച്ചിട്ടുള്ള റോയൽറ്റി , പാറവില ഉൾപ്പെടെയുള്ള ടി 4,52,32,078/- രൂപയും ജി എസ് റ്റി യും കൂടാതെ, പൊതുമരാമത്ത് വിപണിമൂല്യം അനുസരിച്ചുള്ള തുകയും ഈടാക്കി ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ദേശീയപാത എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി തുക ഈടാക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റിന് ആവശ്യമായ സഹായം ചെയ്യേണ്ടതുമാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

DISTRICT COLLECTOR
ജില്ലാ കളക്ടർക്കുവേണ്ടി

പകർപ്പ് : ചീഫ് എഞ്ചിനീയർ(ദേശീയപാത)
തിരുവനന്തപുരം

Signature valid

Digitally signed by H DINESHAN IAS
Date: 2021.07.10 ??:58:12 IST
Reason: Approved